# നടുക്കെട്ടുപ്പിലൂടെ ഒരു ജനാധിപത്യപരീക്ഷണം

കെ. രാജേശ്വരി



നട്ടുക്കെട്ടപ്പിലൂടെ ഒരു ജനാധിപത്യപരീക്ഷണം

കെ. രാജേശ്വരി
(മലയാളം: ലേഖനം)

© 2026, Adv. A. Jayasankar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Lottery Sisters, a painting by Josef Gisela (1851–1899). The image is taken from Wikimedia Commons and is gratefully acknowledged.


**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# നടുക്കെട്ടുപ്പിലൂടെ ഒരു ജനാധിപത്യപരീക്ഷണം




ടി. യു. കുരുവിള

പറഞ്ഞുകേട്ടിട്ടുള്ളതാണ്. പാലാ-മീനച്ചിൽ ഭാഗത്ത് പണ്ടുണ്ടായിരുന്ന കുപ്രസിദ്ധ ഗുണ്ടാസംഘങ്ങൾ ഇരകളെയൊന്നും കിട്ടാതാകുമ്പോൾ സംഘാംഗങ്ങളിൽ നിന്ന് ഒരാളെ നറുക്കിട്ടെടുത്ത് കുത്തിക്കൊല്ലുമായിരുന്നുവത്രെ. പിന്നീട് ജനാധിപത്യം ശക്തിപ്പെട്ടതിനെതുടർന്ന് ഗുണ്ടകൾ ഏറെയും ബ്ലേഡുകമ്പനിക്കാരുടെ ആശ്രിതരായി ഏറ്റുമാന്നൂർക്ക് താമസം മാറ്റി. ശേഷിച്ചവർ വിവിധ കേരള കോൺഗ്രസ് ഗ്രൂപ്പുകളുടെ പതാകാവാഹകരുമായി.




മോൻസ് ജോസഫ്

നറുക്കെട്ടുപ്പ് ആളെ കുത്തിക്കൊല്ലുന്ന കാര്യത്തിൽ പോലും അനുവർത്തിക്കത്തക്കവിധത്തിൽ മധ്യതിരുവിതാംകൂർ ക്രിസ്ത്യാനികളിൽ അലിഞ്ഞുചേർന്നിരിക്കുന്ന ജനാധിപത്യബോധത്തെയും ഈശ്വരവിശ്വാസത്തെയും സ്പഷ്ടമാക്കുന്നു. തുല്യനിലയിൽ യോഗ്യരായ രണ്ടോ അതിലധികമോ പേരിൽനിന്ന് ഒരാളെ തെരഞ്ഞെടുക്കേണ്ടിവരുമ്പോൾ മനുഷ്യന്റെ തീർപ്പ് പക്ഷപാതപരമാകാം, തെറ്റാകാം. വോട്ടെടുപ്പ് ഇത്തരം സന്ദർഭങ്ങളിൽ അനുചിതമാണ്, അപ്രസക്തമാണ്. മറിച്ച്, നറുക്കെടുപ്പിൽ തീരുമാനമെടുക്കുന്നത് ദൈവമാണ്. ദൈവഹിതം തെറ്റുക അസാധ്യം.




ഈപ്പൻ വർഗീസ്

ഷെവലിയാർ ടി. യു. കുരുവിള രാജിവെച്ച ഒഴിവിൽ ആരെ മന്ത്രിയാക്കണമെന്ന് നമ്മുടെ കേരള കോൺഗ്രസുകാർ തലപുകഞ്ഞു് ആലോചിച്ചു. ഒറ്റതിരിഞ്ഞും കൂട്ടായും ചിന്തിച്ചു നെടുകെയും കുറുകെയും കൊണോടുകോണായും കൂട്ടിയും കിഴിച്ചും നോക്കി. നാല് എം. എൽ. എ.-മാരാണ് പാർട്ടിക്കുള്ളത്. ജോസഫും കുരുവിളയും ഇതിനകം അയോഗ്യത തെളിയിച്ചുകഴിഞ്ഞു. പിന്നെ രണ്ടുപേർ മോൻസും സുരേന്ദ്രൻപിള്ളയും. രണ്ടുപേരും പരമയോഗ്യർ നലമുള്ള നവഗുണപരിമളർ.




പി. സി. തോമസ്

മോൻസിനും പിള്ളക്കും പിന്തുണ തുല്യമായിരുന്നില്ല. ജോസഫ് ഗ്രൂപ്പിലെ മൂപ്പന്മാരധികവും മോൻസ് ജോസഫിനെയാണ് പിന്താങ്ങിയത്. പ്രത്യേകിച്ച് ഈപ്പൻ വർഗീസ്, ഫ്രാൻസിസ് ജോർജ്, ടി. യു. കുരുവിള, ഡോ. കെ. സി. ജോസഫ്, ആന്റണി രാജു, വക്കച്ചൻ മറ്റത്തിൽ മുതൽപേർ. മറുവശത്ത് സുരേന്ദ്രൻപിള്ളക്ക് പിന്തുണ നൽകാൻ പി. സി. തോമസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. വോട്ടെടുപ്പ് നടത്തിയിരുന്നെങ്കിൽ മോൻസ് പാട്ടും പാടി ജയിച്ചേനെ.




ഫ്രാൻസിസ് ജോർജ്

കടുത്തുരുത്തിക്കാരൻ, കത്തോലിക്കൻ, ചെറുപ്പക്കാരൻ, സംശുദ്ധമായ പ്രതിച്ഛായ ഉള്ളയാൾ എന്നീ പരിഗണനകൾ വെച്ച് എൽ. ഡി. എഫ്. നേതൃത്വത്തിനും മുഖ്യമന്ത്രിക്കുതന്നെയും മോൻസിനോടായിരുന്നു താൽപര്യം. നിലവിലുള്ള മന്ത്രിസഭയിൽ ഒരൊറ്റ സുറിയാനി കത്തോലിക്കനുമില്ല എന്ന കാരണത്താൽ സംസ്ഥാനത്തെ മൊത്തം കത്തോലിക്കാ മെത്രാന്മാരും മോൻസിനുവേണ്ടി വാദിച്ചുതാനും. പൊതുവികാരം മാനിച്ചും സാമുദായിക സന്തുലനം മുൻനിറുത്തിയും മോൻസിന്റെ പേരു നിർദേശിച്ചിരുന്നെങ്കിൽ ഒരാളും ആക്ഷേപം പറയുമായിരുന്നില്ല.




കെ. സി. ജോസഫ്

ഇനി, പി. ജെ. ജോസഫ് ശക്തമായി സുരേന്ദ്രൻ പിള്ളയുടെ പേരു നിർദേശിച്ചിരുന്നെങ്കിലോ? നിശ്ചയമായും മോൻസ് പിന്തിരിഞ്ഞേനെ. ഡോ. കെ. സി.-യും കുർഗാനും വക്കച്ചനും ഈപ്പച്ചനുമൊക്കെ അഭിപ്രായം മാറ്റി പിള്ളാച്ചന്റെ പിന്തുണക്കാരായേനെ. ഭൂരിപക്ഷത്തിനുമേൽ തന്റെ ഹിതം അടിച്ചേൽപിക്കാനും ഔസേപ്പച്ചൻ തുനിഞ്ഞില്ല. മറിച്ച് അദ്ദേഹം തീരുമാനം ദൈവം തമ്പുരാനു വിട്ടു. നറുക്കെടുപ്പിലൂടെ മന്ത്രിയെ നിശ്ചയിച്ചു. ഭാഗ്യദേവത മോൻസിനെ തുണച്ചു.




പി. ടി. ചാക്കോ

സംശുദ്ധ പ്രതിച്ഛായയുള്ളയാൾ മന്ത്രിയായതിൽ എൽ. ഡി. എഫിന് സന്തോഷിക്കാം. തിരുസഭക്ക് പ്രാതിനിധ്യം കിട്ടിയതിനാൽ മെത്രാന്മാർക്കും സന്തോഷത്തിനു വകയുണ്ട്. തങ്ങളുടെ ഇഷ്ടം നിറവേറിയതിൽ ഈപ്പച്ചൻ-വക്കച്ചൻ-കുർഗാന്മാർക്കും ആഹ്ലാദിക്കാം. എതിർഭാഗക്കാരുടെ തന്നിഷ്ടം അതേപടി നിറവേറിയില്ലല്ലോ, നറുക്കെടുപ്പുവരെ കാര്യങ്ങൾ എത്തിക്കാൻ കഴിഞ്ഞല്ലോ എന്ന് പി. സി. തോമസ്-സ്കറിയാ തോമസ് ടീമിനും സമാധാനിക്കാം.




പി. ജെ. ജോസഫ്

മുൻകാലങ്ങളിലൊക്കെ ഇത്തരം സന്ദർഭങ്ങളിൽ എന്തൊക്കെ പുകിലും പുക്കാറുമാണ് കേരള കോൺഗ്രസും മാതൃസംഘടനയും അഭിമുഖീകരിച്ചിട്ടുള്ളത് എന്ന് അറിഞ്ഞാലേ നറുക്കെടുപ്പ് വിപ്ലവത്തിന്റെ പ്രസക്തിയും പ്രാധാന്യവും വ്യക്തമാകൂ.




ആന്റണി രാജു

പി. സി. തോമസിന്റെ അപ്പൻ പി. ടി. ചാക്കോ പെണ്ണുകേസിൽപ്പെട്ട് മന്ത്രിസ്ഥാനം രാജിവെച്ചത് 1964-ലാണ്. അന്ന് കൂടിയാലോചനയോ വോട്ടെടുപ്പോ കൂട്ടത്തല്ലോ ഒന്നുമുണ്ടായില്ല. മുഖ്യമന്ത്രി ആർ. ശങ്കർ ആണായിരുന്നു. അവിടെ ശിപാർശക്ക് ഒരു മെത്രാനോ അവന്റെ അപ്പനോ ചെല്ലില്ല. ശങ്കർ ടി. എ. തൊമ്മൻ എന്നൊരു കത്തോലിക്കനെ വിളിച്ച് സത്യപ്രതിജ്ഞ ചെയ്യിച്ചു. ചാക്കോച്ചനെ ചാടിച്ചതും തൊമ്മച്ചനെ വാഴിച്ചതും കത്തോലിക്കർക്ക് വലിയ ഇൻസൾട്ടായിട്ടാണ് തോന്നിയത്. മന്ത്രിസ്ഥാനം കിട്ടാത്തതിന്റെ കൊതിക്കെറുവുകാരണം കെ. എം. ജോർജ്ജ് വിമതന്മാരുടെ നേതാവായി കേരള കോൺഗ്രസുണ്ടാക്കി എന്നാണ് ചരിത്രം.




സ്കറിയാ തോമസ്

1976-ൽ കെ. എം. ജോർജ്ജ് നിര്യാതനായപ്പോൾ ഗ്രൂപ്പിന്റെ പ്രതിനിധിയായി ആർ. ബാലകൃഷ്ണപിള്ള നിർദേശിച്ചത് അകലക്കുന്നം മെമ്പർ എ. സി. ചാക്കോയെ. അന്നേരം കെ. എം. മാണി തറവേലകാട്ടി കെ. നാരായണക്കുറുപ്പിന്റെ പേരു പറഞ്ഞു. എരണംകെട്ട കോൺഗ്രസ്/സി. പി. ഐ. നേതാക്കൾ കുറുപ്പിനെ ഉറപ്പിച്ചു. കീഴൂട്ട് രാമൻപിള്ള ബാലൻപിള്ള തറവാടിയാണ്. ആരുടെയും ആട്ടും തുപ്പുമേറ്റ് മുന്നണിയിൽ ഉടരുകയില്ല. ഉടനടി ഐക്യമുന്നണി വിട്ട് ഇടതുപടകടീരത്തിൽ ചേക്കേറി.




കെ. എം. ജോർജ്ജ്

1977 അവസാനം ആഭ്യന്തരമന്ത്രിയായിരുന്ന കെ. എം. മാണിയുടെ തെരഞ്ഞെടുപ്പ് കേരള ഹൈകോടതി റദ്ദാക്കി. മാണിയുടെ പിൻഗാമിയെ നിശ്ചയിക്കാൻ വോട്ടെടുപ്പ് വേണ്ടിവന്നു. വി. ടി. സെബാസ്റ്റ്യനെയും കെ. വി. കുര്യനെയും പിന്തള്ളി മന്ത്രിയായത് തൊടുപുഴക്കാരൻ ഔസേപ്പച്ചൻ. മാണിസാറിന്റെ പരോക്ഷ പിന്തുണ ഔസേപ്പിനായിരുന്നു. അതിന് മാണിച്ചൻ വലിയ വില കൊടുക്കേണ്ടതായും വന്നു. ഔസേപ്പ് പാർട്ടിയിൽ ശക്തയായ ഗ്രൂപ്പുണ്ടാക്കി. മാണി മാപ്ലയുടെ നേതൃത്വത്തെ വെല്ലുവിളിച്ചു.




ആർ. ശങ്കർ

1978-ൽ ഭക്ഷ്യമന്ത്രി ഇ. ജോൺ ജേക്കബ് പരലോകപ്രാപ്തനായി. ബേബിച്ചായന്റെ പിൻഗാമിയെ നിശ്ചയിക്കാൻ വോട്ടെടുപ്പ് നടത്തി. മൂന്നിൽ രണ്ടുഭാഗം എം. എൽ. എ.-മാരും പിന്തുണച്ചത് പത്തനംതിട്ട മെമ്പർ ഡോ. ജോർജ് മാത്യുവിനെ. പക്ഷേ, ടി. എസ്. ജോണിനെ വേണം മന്ത്രിയാക്കാനെന്ന് പി. ജെ. ജോസഫ് ശഠിച്ചു. അല്ലെങ്കിൽ പാർട്ടി നെടുകെ പിളരും. സമ്മതിക്കുകയല്ലാതെ മാണിസാറിന് ഗത്യന്തരമുണ്ടായിരുന്നില്ല. അങ്ങനെ ജോൺ മന്ത്രിയായി അചിരേണ പാർട്ടി പിളർന്നു. മാണി മന്ത്രിസ്ഥാനം വെടിയേണ്ടതായും വന്നു.




എ. സി. ചാക്കോ

1985-ൽ പഞ്ചാബ് മോഡൽ പ്രസംഗത്തിന്റെ പേരിൽ ബാലകൃഷ്ണപിള്ള രാജിവെക്കേണ്ടിവന്നപ്പോൾ പകരം മന്ത്രിയെ വെച്ചില്ല. പിള്ളയദ്ദേഹം അഗ്നിശുദ്ധി തെളിയിച്ച് തിരിച്ചെത്തും വരെ മാണിസാർ വൈദ്യുതിവകുപ്പിന്റെ അധികചുമതല വഹിച്ചു.




ടി. എ. തൊമ്മൻ

1995-ൽ ഇടമലയാർ കേസിൽ കുടുങ്ങി ബാലകൃഷ്ണ പിള്ള വീണ്ടും രാജിവെക്കേണ്ടിവന്നു. അന്ന് പിള്ളയെ കൂടാതെ പാർട്ടിയിൽ ഒരു എം. എൽ. എ. കൂടിയുണ്ട്—ജോസഫ് എം. പുതുശ്ശേരി. പിള്ളസാർ തന്നെ മന്ത്രിയാക്കുമെന്ന് പുതുശ്ശേരി ധരിച്ചു. പുതുശ്ശേരി മന്ത്രിയായി കാണാൻ പരിശുദ്ധ കാതോലിക്കാ ബാവയും ഇതര മെത്രാന്മാരും മോഹിച്ചുതാനും. എന്തുചെയ്യാം? ബാലകൃഷ്ണ പിള്ള മന്ത്രിസ്ഥാനം തരിശിടാനാണ് നിശ്ചയിച്ചത്. ഹതാശനായ പുതുശ്ശേരി പാർട്ടിവിട്ട് മാണിഗ്രൂപ്പിൽ ചേർന്നു.



കെ. നാരായണക്കുറുപ്പ്


വിമാനവിവാദത്തിൽപ്പെട്ട് കഴിഞ്ഞവർഷം പി. ജെ. ജോസഫ് രാജിവെച്ചതാണ് ഏറ്റവും ഒടുവിലത്തെ സംഭവം. അന്ന് വലിയ ആലോചനയും തലപുകക്കലുമൊന്നും ഉണ്ടായില്ല. ഷെവലിയാർ കുരുവിളയുടെ പേര് ഔസേപ്പച്ചൻ നിർദേശിച്ചു. മറ്റുള്ളവർ പിന്താങ്ങി പിടിച്ച പിടിയാലെ കുർഗാൻജി മന്ത്രിയായി.



ആർ. ബാലകൃഷ്ണപിള്ള

ജോസഫ് ഗ്രൂപ്പുകാർ പുതിയ മന്ത്രിയെ നറുക്കിട്ടു തീരുമാനിച്ചതിനെപ്പറ്റി പരമപരിഹാസമായാണ് നമ്മുടെ പത്രങ്ങൾ പ്രതികരിച്ചത്. വോട്ടെടുപ്പിനേക്കാൾ ഏതുനിലക്കും മികച്ച സമ്പ്രദായമാണ് നറുക്കെടുപ്പ്. വോട്ടെടുക്കുമ്പോൾ മനുഷ്യൻ തീരുമാനിക്കുന്നു. ഇവ രണ്ടിനേക്കാളും അൽപംകൂടി മികച്ച മറ്റൊരു സമ്പ്രദായമുണ്ട്—പരസ്പരം തല്ലി തീരുമാനിക്കൽ. രണ്ടിലൊരാൾ അടിപെടുംവരെ മല്ലയുദ്ധ പോരാട്ടം. ജയിക്കുന്നവൻ മന്ത്രി, തോൽക്കുന്നവൻ കിന്ത്രി. ജോസഫ് ഗ്രൂപ്പിന്റെ അടുത്ത മന്ത്രിയെ ഈ നൂതന മാർഗമുപയോഗിച്ച് തെരഞ്ഞെടുക്കാവുന്നതാണ്.

ടി. എ. തൊമ്മന്റെ സ്ഥാനത്ത് കെ. എം. ജോർജിനെ മന്ത്രിയാക്കിയിരുന്നെങ്കിൽ കേരള കോൺഗ്രസുണ്ടാകുമായിരുന്നില്ല. കുറഞ്ഞപക്ഷം പാർട്ടിയുടെ സ്ഥാപക ചെയർമാനാകാൻ ജോർജ്ജുസാർ പോകുമായിരുന്നില്ല. കെ. എം. മാണി രാജിവെച്ച ഒഴിവിൽ വി. ടി. സെബാസ്റ്റ്യനോ കെ. വി. കുര്യനോ ആണ് മന്ത്രിയായിരുന്നതെങ്കിൽ ജോസഫ് ഗ്രൂപ്പ് കേരളകോൺഗ്രസുണ്ടാവുകയില്ലായിരുന്നു.



കെ. എം. മാണി

ഔസേപ്പച്ചനെയും കുർഗാനെയും പിന്തുടർന്നു മോൻസ് ജോസഫ് മന്ത്രിയാകുന്നത് കേരള കോൺഗ്രസ് രാഷ്ട്രീയത്തെ എങ്ങനെ ബാധിക്കും? യുവകോമളനും സുസ്മേരവദനനും അതിപുരാതന സുറിയാനി കത്തോലിക്കനുമെന്ന നിലക്ക് മോൻസ് പുതിയൊരു അധികാര കേന്ദ്രമായി ഉയർന്നുവരാനും കാലക്രമത്തിൽ ഔസേപ്പച്ചനെത്തന്നെ നിഷ്പ്രഭനാക്കി പാർട്ടി പിടിച്ചെടുക്കാൻ/പിളർത്താനുള്ള സാധ്യത നിശ്ചയമായും കാണുന്നു.

സുരേന്ദ്രൻപിള്ളക്കു പിന്നിൽ ഉറച്ചുനിന്നവർ പി. സി. തോമസും സ്കറിയാ തോമസുമാണ്. മറ്റുവിധത്തിൽ പറഞ്ഞാൽ പഴയ ഐ. എഫ്. ഡി. പി. നേതാക്കൾ ജോസഫ് ഗ്രൂപ്പ് ഐ. എഫ്. ഡി. പി. ലയനം സ്വഭാവികമോ പൂർണമോ അല്ല. പി. സി. തോമസും കൂട്ടരും പാലിൽ പഞ്ചസാര പോലെ അലിയുകയില്ല, വെള്ളത്തിൽ എണ്ണ പോലെ പൊങ്ങിക്കിടക്കുകയാണ്. വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പ് നിർണായകമായിരിക്കും. ജോസഫ് ഗ്രൂപ്പിന് മൽസരിക്കാൻ ഒരു സീറ്റേ കിട്ടൂ. ആരായിരിക്കും സ്ഥാനാർഥി? പി. സി. തോമസോ ഫ്രാൻസിസ് ജോർജോ? ആരായാലും ഒരു കാര്യം ഉറപ്പാണ് സ്ഥാനാർഥിനിർണയത്തിന്റെ പിറ്റേന്നു പാർട്ടി പിന്നെയും പിളരും.

□

# അഡ്വക്കറ്റ് എ. ജയശങ്കർ



അഭിഭാഷകനും രാഷ്ട്രീയ നിരീക്ഷകനും രാഷ്ട്രീയ നിരൂപകനുമാണ് അഡ്വക്കറ്റ് എ. ജയശങ്കർ. മാധ്യമം ദിനപത്രത്തിൽ 'കെ. രാജേശ്വരി' എന്ന തൂലികാ നാമത്തിൽ എഴുതിയ ലേഖനങ്ങൾ ശ്രദ്ധിക്കപ്പെട്ടിരുന്നു. മലയാളികൾക്കിടയിൽ അദ്ദേഹം കൂടുതൽ പ്രശസ്തി നേടിയത് ഇന്ത്യാവിഷൻ ചാനലിലെ പ്രതിവാര ദിനപത്ര അവലോകന പരിപാടിയായ വാരാന്ത്യം എന്ന പരിപാടിയിലൂടെയാണ്. തനതായ ഒരു അവതരണ ശൈലിയാണ് ഈ പരിപാടിയിൽ അദ്ദേഹം പ്രകടമാക്കുന്നത്. മലയാളത്തിലെ പ്രമുഖ വാർത്താ ചാനലുകളിലെല്ലാം രാഷ്ട്രീയ ചർച്ചകളിൽ സ്ഥിരം സാന്നിധ്യമാണ് ഇദ്ദേഹം. കേരള രാഷ്ട്രീയത്തിലെയും ഇന്ത്യൻ രാഷ്ട്രീയത്തിലെയും ജയശങ്കറിന്റെ അഗാധമായ അറിവിനൊപ്പം ഹാസ്യവും ഗൗരവവും കലർന്ന അദ്ദേഹത്തിന്റെ നിർഭയത്വതോടെയുള്ള അവതരണ രീതിയും ഏറെ ജനപ്രിയമാണ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014